21/12/21



03/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1007(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.9052/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സുരേന്ദ്രൻ. ജി,
എച്ച്.ആർ.എ. 24,
മൈത്രിനഗർ,
തിരുവല്ലം പി.ഒ,
തിരുവനന്തപുരം -27. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   യു.പി.എ. സെൽ
   തിരുവനന്തപുരം നഗരസഭ.
2. അപ്പീൽ അധികാരി,
   പ്രോജക്ട് ഓഫീസർ,
   യു.പി.എ. സെൽ
   തിരുവനന്തപുരം നഗരസഭ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/04/2021, 25/06/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26/05/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | --- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26/07/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 11/08/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/09/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 30/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുരേന്ദ്രൻ.ജി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചെന്നും ആയതിനും തൃപ്തികരമല്ലാത്ത മറുപടിയാണ് ലഭ്യമായതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ശരിയായ മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും യഥാസമയം മറുപടി നൽകാതെ വൈകിപ്പിച്ചതിന് പ്രതിദിനം 250/- രൂപ പ്രകാരം നിയമം അനുശാസിക്കുന്ന ഫൈൻ ഈടാക്കണമെന്നും ടിയാനെ മാനസികമായി പ്രയാസപ്പെടുത്തിയതിനുള്ള നഷ്ടമായി 500/- രൂപ ഈടാക്കി നൽകണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 30.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) തിരുവനന്തപുരം കോർപ്പറേഷനിൽ തിരുവല്ലം സോണിൽ ബ്ലോക്ക് നമ്പർ 29 ൽ റീസർവെ 207 ൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ശ്രീ. പ്രേംകുമാർ തിരുവല്ലം മൈത്രി നഗറിൽ 3 സെന്റ് സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് കോർപ്പറേഷൻ അനുമതി ലഭിച്ചിട്ടുണ്ടോ എന്നും ( തണ്ടപ്പേർ നം. 44565)

2) ഉണ്ടെങ്കിൽ അപേക്ഷകൻ ലൈഫ് മിഷൻ പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷയുടെയും ആയതിനോട് അനുബന്ധിച്ച് നൽകിയ എല്ലാ രേഖകളുടെയും പകർപ്പ് ആണ് ആവശ്യപ്പെട്ടിട്ടുള്ളത്.

3. ഹർജിക്കാരന്റെ 30.03.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 27.04.2021, 25.06.2021 തീയതികളിൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 26.05.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് മറുപടി നൽകിയിട്ടില്ലാത്തതുമാണ്.

4. ഒന്നാം എതിർകക്ഷി 03.09.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 27.04.2021, 25.06.2021 തീയതികളിൽ മറുപടി നൽകിയിട്ടുള്ളതാ

ണെന്നും ഗുണഭോക്തൃ ലിസ്റ്റ് പരിശോധിക്കുന്നതിന് ബെയ്സ് ഡേറ്റാ പ്രിപ്പറേഷൻ നടത്തുന്നത് ആധാർ നമ്പർ അടിസ്ഥാനപ്പെടുത്തിയായതു കൊണ്ടാണ് ഹർജിക്കാരന് അതുപ്രകാരമുള്ള മറുപടികൾ നൽകിയതെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ലഭ്യമാക്കിയതായി കാണുന്നില്ല. 30.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയിരിക്കുന്ന മറുപടി ന്യായീകരിക്കുവാൻ കഴിയുന്നതല്ല. ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കൾ സ്ത്രീകളായതുകൊണ്ടാണ് പ്രസ്തുത അപേക്ഷയിലെ വിവരം അറിയുന്നതിന് ശ്രീ. പ്രേംകുമാർ ഉൾപ്പെട്ട റേഷൻ കാർഡിന്റെ നമ്പറും ടിയാളുടെയും ടിയാന്റെ ഭാര്യയുടെയും ആധാർകാർഡ് ആവശ്യപ്പെട്ടതെന്നുമാണ് ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തവും വിശദവുമായ മറുപടി ഈ ഉത്തരവ് ലഭിച്ച് 5 ദിവസങ്ങൾക്കുള്ളിൽ ഹർജിക്കാരന് നൽകേണ്ടതാണെന്നും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 3-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm